19 (1245) പെരളശ്ശേരി കെ.കെ.എസ്സ്. വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് റീവൈറ്റലൈസേഷൻ ലോൺ

ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പെരളശ്ശേരി കെ.കെ.എസ്സ്. വീവേഴ്സ് ഇൻഡസ്ട്രിയൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് റീവൈറ്റലൈസേഷൻ ലോൺ അനുവദിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)&(ബി) റീവൈറ്റലൈസേഷൻ ലോണിനുവേണ്ടിയുള്ള സൊസൈറ്റിയുടെ അപേക്ഷ കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രത്തിൽ നിന്നും കൈത്തറി ഡയറക്ടർക്കു കിട്ടുകയുണ്ടായി. എന്നാൽ പ്രസ്തുത അപേക്ഷയിൽ കണ്ട ചില ന്യൂനതകൾ പരിഹരിച്ച് സമർപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് ഡയറക്ടർ അപേക്ഷ കണ്ണൂർ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് തിരിച്ചയയ്ക്കുകയും, ജനറൽ മാനേജർ ഈ വിവരം പെരളശ്ശേരി കെ.കെ.എസ്സ്. വീവേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി സെക്രട്ടറിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ സംഘം സെക്രട്ടറി അപേക്ഷയിലെ ന്യൂനതകൾ പരിഹരിച്ച് ഇതുവരെയും നൽകിയിട്ടില്ലെന്ന് അറിയുന്നു.

20 (1246) ചെറുകിട വ്യവസായങ്ങൾ

ശ്രീമതി എൻ.കെ. രാധ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1998-99 വർഷത്തിൽ എത്ര ചെറുകിട വ്യവസായങ്ങൾ പുതിയതായി രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്ന് വിശദമാക്കുമോ;

(ബി) ചെറുകിട വ്യവസായങ്ങൾക്ക് സഹായധനമായി 1998-99 വർഷത്തിൽ എത്ര തുക ചെലവായി?

ഉത്തരം

(എ) 1998-99 സാമ്പത്തിക വർഷത്തിൽ 19,736 ചെറുകിട വ്യവസായങ്ങൾക്ക് സ്ഥിരം രജിസ്ട്രേഷൻ നൽകി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ബി) 1998-99 സാമ്പത്തിക വർഷത്തിൽ ചെറുകിട വ്യവസായങ്ങൾക്ക് സഹായധനമായി മൂലധനം സബ്സിഡി ഇനത്തിൽ 1091.11 ലക്ഷം രൂപയും വിത്ത് മൂലധന വായ്പ ഇനത്തിൽ 420 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

21 (1247) കെൽട്രോണിന്റെ പ്രവർത്തനം

ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. ആനത്തലവട്ടം ആനന്ദൻ :
ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly